# കേരള സർവകലാശാല

നം. പി.ആർ.146/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ജനറേഷൻ – യു.കെ ഇന്ത്യ പ്രോഗ്രാം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

ബ്രിട്ടനിലെ പുതിയ തലമുറയിൽപ്പെട്ട യുവാക്കൾക്ക് ഇൻഡ്യൻ സമൂഹത്തെക്കുറിച്ചും ചരിത്രത്തെക്കുറിച്ചും അറിവു നേടുന്നതിനായി ബ്രിട്ടീഷ് കൗൺസിൽ നടത്തുന്ന ജനറേഷൻ യു.ഐ – ഇൻഡ്യ പ്രോഗ്രാമിന്റെ ഔദ്യോഗിക ഉദ്ഘാടനം ഇന്ന് (09.08.2016) സെനറ്റ് ചേംബറിൽ നടന്ന ചടങ്ങിൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിച്ചു. പ്രോ–വൈസ് ചാൻസലർ ഡോ. എൻ വീരമണികണ്ഠൻ അദ്ധ്യക്ഷനായിരുന്നു. ചൈനീസ് ചിന്തകനായിരുന്ന കൺഫ്യൂഷ്യസിന്റെ 'ഞാൻ കേൾക്കുന്നു ഞാൻ മറക്കുന്നു, ഞാൻ കാണുന്നു ഞാൻ ഓർക്കുന്നു, ഞാൻ ചെയ്യുന്നു ഞാൻ മനസ്സിലാക്കുന്നു' എന്ന പഴഞ്ചൊല്ല് ഉദ്ധരിച്ച മുഖ്യമന്ത്രി, ജോലി ചെയ്യുന്നതിലൂടെ അറിവ് നേടേണ്ടതിന്റെ ആവശ്യകത ഓർമ്മിപ്പിച്ചു. കേരളത്തിൽ ചെലവഴിക്കുന്ന രണ്ടാഴ്ച വിനോദത്തിനും വിജ്ഞാനത്തിനുമൊപ്പം സംസ്ഥാനവുമായി ഉറപ്പുള്ള ബന്ധം സ്ഥാപിച്ചെടുക്കാനുള്ള വേദിയാക്കാൻ ഈ പരിപാടി ഉപകരിക്കട്ടെയെന്ന് ചടങ്ങിൽ സന്നിഹിതരായിരുന്ന ബ്രിട്ടീഷ് യുവതി-യുവാക്കളോട് മുഖ്യമന്ത്രി പറഞ്ഞു. വിദേശികൾക്ക് എപ്പോഴും സ്വാഗതമരുളുന്ന സംസ്ഥാനമായ കേരളം വിദ്യാഭ്യാസം, ആരോഗ്യം, വികസനം എന്നീ മേഖലകളിലും കൈവരിച്ച നേട്ടങ്ങൾ മുഖ്യമന്ത്രി സൂചിപ്പിച്ചു. കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ രീതി മറ്റ് പല സംസ്ഥാനങ്ങൾക്കും മാതൃകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ജനറേഷൻ – യു.കെ ഇന്ത്യ പ്രോഗ്രാമിലൂടെ ബ്രിട്ടനിൽ നിന്നുവന്ന വിദ്യാർത്ഥികൾക്ക് ഇന്ത്യയെ അറിയുവാനും കേരളത്തിലെ വിദ്യാർത്ഥി – അദ്ധ്യാപക സമൂഹത്തെ സ്വാധീനിക്കുവാനും സാധിക്കട്ടെയെന്ന് ബ്രിട്ടീഷ് കൗൺസിൽ ഇന്ത്യ ഡയറക്ടർ ശ്രീ. അലൻ ഗമ്മൽ അഭിപ്രായപ്പെട്ടു.

യു.കെ ഇന്ത്യ ബന്ധം ദൃഢപ്പെടുത്താൻ ഇത്തരം പരിപാടികൾക്ക് സാധിക്കുമെന്ന് ബ്രിട്ടീഷ് ഡെപ്യൂട്ടി ഹൈ കമ്മീഷണർ ശ്രീ. ഭരത് ജോഷി പറഞ്ഞു. ഈ പരിപാടിയിൽ ഭാഗവാക്കാകുവാൻ സാധിച്ചതിൽ അഭിമാനിക്കുന്നുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

രജിസ്ട്രാർ ഡോ. എം. ജയപ്രകാശ്, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. കെ എച്ച് ബാബുജൻ, ഡോ. പി.എം രാധാമണി, ഐ.ക്യു.എ.സി ഡയറക്ടർ ഡോ. അച്യുത്ശങ്കർ എസ്.നായർ, ഡിപ്പാർട്ട്മെന്റ്സ് സ്റ്റുഡന്റ് യൂണിയൻ ചെയർമാൻ ശ്രീ. കെ സ്റ്റാലിൻ, ബ്രിട്ടീഷ് കൗൺസിൽ ജനറേഷൻ യു.കെ – ഇന്ത്യ പ്രോഗ്രാം അസി. ഡയറക്ടർ ഹിമാൻഷു മിത്തൽ എന്നിവർ പങ്കെടുത്തു. ഡോ. കെ.സി സണ്ണി സ്വാഗതവും, ഡോ. ബിസ്മി ഗോപാലകൃഷ്ണൻ നന്ദിയും അറിയിച്ചു.

(ഫോട്ടോ ഇ–മെയിൽ ചെയ്തിട്ടുണ്ട്)






## എൽ.എൽ.ബി. വൈവ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ ആറാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി (ത്രിവത്സരം) പരീക്ഷകളുടെ വൈവ ആഗസ്റ്റ് 11, 12 തീയതികളിൽ ഗവ. ലോ കോളേജിലും ആഗസ്റ്റ് 16-ന് പാറശ്ശാല സി.എസ്.ഐ-ലും ആഗസ്റ്റ് 19 മുതൽ 23 വരെ കേരള ലോ അക്കാഡമിയിലും നടത്തും.

## എൽ.എൽ.എം ഫലം

കേരള സർവകലാശാല കാര്യവട്ടം നിയമപഠനവകുപ്പ് നടത്തിയ എൽ.എൽ.എം (സി.എസ്.എസ് - 2014-16) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

## എം.ടെക്

കേരള സർവകലാശാല ഒന്നാം സെമസ്റ്റർ എം.ടെക് (2008 സ്കീം - ഫുൾടൈം & പാർട്ട് ടൈം) മൂന്നാം സെമസ്റ്റർ എം.ടെക് (2008 സ്കീം - പാർട്ട് ടൈം), എം.പ്ലാനിംഗ് (2008 സ്കീം) സപ്ലിമെന്ററി (2011, 2012 അഡ്മിഷൻ വരെയുള്ളത്), അഡീഷണൽ (2011 അഡ്മിഷൻ), മേഴ്സി ചാൻസ് (2010 അഡ്മിഷൻ) പരീക്ഷകൾക്ക് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) നോട്ടിഫിക്കേഷൻ എന്ന എന്ന ലിങ്കിൽ ലഭിക്കും.

ഒന്നാം സെമസ്റ്റർ എം.ടെക് (2003 സ്കീം ഫുൾടൈം/ പാർട്ട് ടൈം), മൂന്നാം സെമസ്റ്റർ എം.ടെക് (2003 സ്കീം - പാർട്ട് ടൈം) മേഴ്സി ചാൻസ് പരീക്ഷകൾക്ക് പിഴകൂടാതെ ആഗസ്റ്റ് 31 (50 രൂപ പിഴയോടെ സെപ്റ്റംബർ അഞ്ച്, 250 രൂപ പിയോടെ സെപ്റ്റംബർ എട്ട്) വരെ ഫീസ് അടയ്ക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) നോട്ടിഫിക്കേഷൻ എന്ന ലിങ്കിൽ ലഭിക്കും.

## പി.ജി ടൈംടേബിൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ആഗസ്റ്റ് 22-ന് തുടങ്ങുന്ന എം.എ, എം.എസ്സി, എംകോം (പ്രീവിയസ് - സപ്ലിമെന്ററി) പരീക്ഷയുടെ ടൈംടെബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ബി.ബി.എസ് ഫലം

കേരള സർവകലാശാല മേയിൽ നടത്തിയ മൂന്നാം എം.ബി.ബി.എസ് പാർട്ട് ഒന്ന് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 25 വരെ അപേക്ഷിക്കാം.

## സീറ്റൊഴിവ്

കേരള സർവകലാശാല കാര്യവട്ടം തമിഴ് പഠനവകുപ്പിൽ എം.എ തമിഴ് (2016-18) അഡ്മിഷന് എസ്.സി/എസ്.ടി വിഭാഗത്തിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ വകുപ്പ് മേധാവിയുമായി ആഗസ്റ്റ് 11-നകം ബന്ധപ്പെടുക. ഫോൺ. 0471-2308919.

കാര്യവട്ടം ഹിന്ദി പഠനവകുപ്പിൽ എം.എ ഹിന്ദി (2016-18) വിഷയത്തിൽ എസ്.സി (മൂന്ന് സീറ്റ്), എസ്.ടി (ഒരു സീറ്റ്) സീറ്റൊഴിവുണ്ട്

താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ആഗസ്റ്റ് 17 രാവിലെ 10.30-ന് വകുപ്പിൽ ഹാജരാകുക.

കാര്യവട്ടം ഡെമോഗ്രഫി പഠനവകുപ്പിൽ എം.എസ്സി ഡെമോഗ്രഫി, ആക്ച്യൂറിയൽ സയൻസ് കോഴ്സുകൾക്ക് പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളിൽ രണ്ട് സീറ്റുവീതം ഒഴിവുണ്ട്. താൽപര്യമുള്ളവർ ആഗസ്റ്റ് 16-നകം വകുപ്പ് മേധാവിക്ക് അപേക്ഷ സമർപ്പിക്കണം.

കാര്യവട്ടം ലിംഗ്വിസ്റ്റിക്സ് പഠനവകുപ്പിൽ എം.എ ലിംഗ്വസ്റ്റിക്സ് കോഴ്സിന് (2016-18 അഡ്മിഷൻ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഓരോ സീറ്റുവീതം ഒഴിവുണ്ട്. താൽപര്യമുള്ളവർ യോഗ്യതാ സർട്ടിഫിക്കറ്റുകളുമായി ആഗസ്റ്റ് 16 രാവിലെ 10.30-ന് പഠനവകുപ്പിൽ ഹാജരാകണം.

## എം.ബി.എ പരീക്ഷ

കേരള സർവകലാശാല സെപ്റ്റംബർ അഞ്ചിന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ എം.ബി.എ (ഫുൾടൈം/ റഗുലർ (ഈവനിംഗ്)/ ട്രാവൽ ആൻഡ് ടൂറിസം – 2014 സ്കീം) റഗുലർ ആൻഡ് സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴകൂടാതെ ആഗസ്റ്റ് 12 (50 രൂപ പിഴയോടെ ആഗസ്റ്റ് 17, 250 രൂപ പിഴയോടെ ആഗസ്റ്റ് 19 വരെ) അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഇന്റഗ്രേറ്റഡ് ബി.എ എൽ.എൽ.ബി ഫലം

കേരള സർവകലാശാല മാർച്ചിൽ നടത്തിയ ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് ബി.എ എൽ.എൽ.ബി (പഞ്ചവത്സരം) പരീക്ഷാഫലം വെബ്സൈറ്റിൽ ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 25 വരെ ഓൺലൈനായി അപേക്ഷിക്കാം.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
09.08.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ